**അടിയന്തരപ്രമേയം**

**തീരദേശ പരിപാലന നിയമത്തിലെ അപാകതകൾ**

മി. സ്പീക്കർ: ഇന്നലെ സബ്മിഷനായി ശ്രീ. കെ. ദാസൻ കൊണ്ടുവന്ന വിഷയമാണ് ശ്രീ. എസ്. ശർമ്മ ഇന്ന് അടിയന്തരപ്രമേയമായി കൊണ്ടുവന്നിരിക്കുന്നത്. ഏതായാലും പ്രശ്നത്തിന്റെ ഗൗരവത്തെ മാനിച്ച് ഇത് അനുവദിക്കുകയാണ്.

തീരദേശ പരിപാലന നിയമം (CRZ) അപാകതകൾ പരിഹരിക്കാതെ നിർബന്ധപൂർവ്വം നടപ്പിലാക്കുന്നതുമൂലം തീരദേശ നിവാസികളും മത്സ്യത്തൊഴിലാളികളും ആശങ്കാകുലരായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എസ്. ശർമ്മ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ വിഷയം സംബന്ധിച്ച് ഇന്നലെ ശ്രീ. കെ. ദാസന്റെ സബ്മിഷന് മറുപടിയായി ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ഇതുസംബന്ധിച്ച് നാളെ അവതരിപ്പിക്കുന്നതിനുള്ള ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ ശ്രദ്ധക്ഷണിക്കൽ നോട്ടീസും കിട്ടിയിട്ടുണ്ട്. ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. തീരപ്രദേശത്ത് അനേക ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ബാധകമായിട്ടുള്ള കാര്യമാണ്. അതിന്റെ ഗൗരവം പൂർണ്ണമായിട്ടും ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്. സമഗ്രമായ ഒരു കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ട ചർച്ച കഴിഞ്ഞു. ഇന്നലെ പറഞ്ഞ കാര്യംതന്നെ

ഇന്നും ആവർത്തിക്കുന്നു. അതിന് അവസാന രൂപം കൊടുക്കുന്നതിന് മുൻപ് എല്ലാവരുമായിട്ടും ചർച്ച ചെയ്യുവാൻ ഗവൺമെന്റ് തയ്യാറാണ്. മത്സ്യ ത്തൊഴിലാളികൾക്ക് വേണ്ടി വീട് ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചാലും ചെലവഴിക്കാൻ പറ്റാത്ത സാഹചര്യമാണ്. പലപ്പോഴും ഫണ്ടൊരു തടസ്സമായിട്ടുവരാറുണ്ട്. പക്ഷേ ആ ഫണ്ട് കണ്ടെത്തി അനുവദിച്ചാലും അത് നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഈ CRZ - ന്റെ നിബന്ധനകൾ മൂലം വന്നിരിക്കുന്നത്. അതിന് പരിഹാരം ഉണ്ടായേ മതിയാകു. എല്ലാവരുമായും ചർച്ച ചെയ്തതി നുശേഷം അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ എന്നുപറയുമ്പോൾ പരിസ്ഥിതി സംരക്ഷണത്തിന് പ്രത്യേക പരിഗണനയും കൊടുത്തുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതായിരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കു ന്നത്. ഈ നിയമത്തിനകത്ത് ചില ഇളവുകൾ തരുന്നുണ്ടെങ്കിലും ആ ഇളവു കൾ പ്രായോഗികമായി നടപ്പിലാക്കാൻ വീണ്ടും ബുദ്ധിമുട്ടുകൾ വരുന്നുണ്ട്. അതൊക്കെക്കൂടി ഉൾക്കൊണ്ടുകൊണ്ട്, എല്ലാവരുടെയും അഭിപ്രായങ്ങൾ അറിഞ്ഞ് ഇങ്ങനെയൊരു പ്ലാൻ കൊണ്ടുവന്ന് അതിനൊരു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ്. ഇതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഈ വിഷയത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്നുവെന്നും ഇതൊരു കോസ്റ്റൽ പ്ലാൻ മാനേജ്മെന്റ് പദ്ധതിയുടെ ഭാഗമായും ചർച്ചയ്ക്ക് വിധേയമാക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ആമുഖമായി വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞതിൽ നിന്നുതന്നെ

ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്യുന്നതിൽ യാതൊരു തടസ്സവുമില്ലായെന്ന് ഞാൻ കണക്കാക്കുകയാണ്. ഇന്നലെ ശ്രീ. കെ. ദാസനും നാളെ മറ്റൊരു ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെയും ഇന്ന് അടിയന്തര പ്രമേയ ത്തിലൂടെയും, അപ്പോൾ സഭയുടെ എല്ലാ തലങ്ങളിൽ നിന്നും ഈ ഗൗരവകര മായ പ്രശ്നം സഭയുടെ മുമ്പിൽ കൊണ്ടുവരുന്നതിന്റെ പ്രത്യേകത കണക്കി ലെടുത്ത് തീർച്ചയായും സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യുന്നതി നുള്ള തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1991–ൽ ലോകത്ത് നടപ്പാക്കാൻ തുടങ്ങിയ സാമ്പത്തിക പരിഷ്കാരത്തിന്റെ ജനനത്തോടു കൂടിത്തന്നെ ഇന്ത്യയിൽ CRZ നിയമം പുറപ്പെടുവിച്ചിരുന്നു. ഈ നിയമം വന്നതിനുശേഷം കേന്ദ്രഗവൺമെന്റ് അതിൽ 25 ഭേദഗതികൾ വരുത്തി. ഈ ഭേദഗതികളിലൊന്നും തൃപ്തരാകാതെ വീണ്ടും CRZ നിയമം സമഗ്രമായി പരിശോധിക്കുന്നതിനുവേണ്ടി പ്രശസ്ത കൃഷിശാസ്ത്രജ്ഞനായ ഡോ. എം. എസ്. സ്വാമിനാഥനെ അദ്ധ്യക്ഷനായി കേന്ദ്രഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയമിച്ചു. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ CMZ (Coastal Management Zone) റിപ്പോർട്ട് വരികയുണ്ടായി. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺ മെന്റായിരുന്നു അധികാരത്തിലുണ്ടായിരുന്നത്. അന്നത്തെ സന്ദർഭത്തിൽ ഈ പ്രശ്നം കേരളത്തിലെ മന്ത്രിസഭ വിശദമായി ചർച്ച ചെയ്തതിനുശേഷം എല്ലാ ട്രേഡ് യൂണിയനുകളുമായി വിശദമായി ചർച്ച നടത്തിയതിന്റെ അടി സ്ഥാനത്തിൽ ആ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള, അതായത് തീരപ്രദേ ശത്ത് നിന്ന് മത്സ്യത്തൊഴിലാളികൾ ഫലത്തിൽ ആട്ടിയോടിക്കപ്പെടുകയും

തീരപ്രദേശത്തെ വൻകിട ശക്തികൾക്ക് മൂലധന നിക്ഷേപത്തിന്റെ ഒരായുധ മായി തീരത്തെ മാറ്റിത്തീർക്കുകയും ചെയ്യുന്നതിൽ പങ്ക് വഹിക്കുന്നു വെന്നുള്ള ഗൗരവകരമായ വിമർശനം ഉന്നയിച്ചുകൊണ്ട് അതിനെതിരായി അന്നത്തെ ഗവൺമെന്റും അന്ന് പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയോട് ഇക്കാര്യം നേരിട്ട് സംസാരിക്കുകയും ചെയ്തിരുന്നു. അന്നത്തെ എൽ.ഡി.എഫ്. മന്ത്രിസഭയും പ്രതിപക്ഷ നേതാവും എല്ലാ ട്രേഡ് യൂണിയൻ നേതാക്കന്മാരും അക്കാര്യത്തിൽ ഈ പ്രശ്നത്തിൽ ഇടപെട്ടതിന്റെ ഫലമായി 2009–ൽ കേന്ദ്ര ഗവൺമെന്റ് സ്വാമിനാഥൻ കമ്മീഷന്റെ CMZ റിപ്പോർട്ട് റദ്ദുചെയ്തു. പിന്നീട് 2011–ലാണ് ഇപ്പോൾ അഭിമുഖീകരിക്കുന്ന CRZ നിയമം വീണ്ടും പുതുക്കി നിശ്ചയിച്ചത്. ഫലത്തിൽ കടലിന്റെയും തീരത്തിന്റെ അവകാശികൾ മത്സ്യത്തൊഴിലാളികളാണെന്ന് ഈ നിയമം അംഗീകരിക്കുന്നില്ല, മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗതമായ അവകാശ ങ്ങൾ അംഗീകരിക്കുന്നില്ല, അവരുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നില്ല, മത്സ്യത്തൊഴിലാളികൾക്ക് ജനിച്ചമണ്ണിൽ, അതായത് ആദിവാസികൾക്ക് കാട് അവരുടെ ആവാസസ്ഥലം പോലെ മത്സ്യത്തൊഴിലാളിക്ക് കടലോരം അവരുടെ ആവാസസ്ഥലമാണ്. ആ ആവാസസ്ഥലത്ത്, ജനിച്ച മണ്ണിൽ, കടപ്പുറത്ത് ഒരു കൂരകെട്ടി അന്തിയുറങ്ങാനുള്ള അവകാശം ഹനിക്കുന്ന ഏറ്റവും പ്രാകൃതവും നീതിക്കുനിരക്കാത്തതുമായ നടപടിയാണ് ഇതിലൂടെ ഇപ്പോൾ കടപ്പുറത്ത് ജനങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നത്. ഇതിൽ നാലഞ്ച് കാര്യങ്ങളാണ് പറയുന്നത്. ഒന്ന്, പരിസ്ഥിതിലോലമായ പ്രദേശം. അവിടെ ഒരു ഇഷ്ടിക എടുത്ത് വെയ്ക്കാൻ പറ്റില്ല, എന്നുവെച്ചാൽ പരിസ്ഥിതിലോലമെന്നു പറയുന്ന സ്ഥലത്ത് ഇപ്പോൾ ആയിരക്കണക്കിന്

പാവപ്പെട്ട തൊഴിലാളികൾ കുടിൽകെട്ടി കടപ്പുറത്ത് വള്ളവും വലയുമൊക്കെ കയറ്റിവെച്ച് മരണം മാടിവിളിക്കുന്ന ഈ തൊഴിലുമായി ബന്ധപ്പെട്ട് ജീവിതം കഴിക്കുകയാണ്. അവിടെ ഒരു ചെറിയ കൂരവെയ്ക്കുവാൻ അവർക്ക് യാതൊരവകാശവുമില്ല. രണ്ടാമത്തെ കാര്യം, CRZ-2 മുനിസിപ്പൽ–പട്ടണ പ്രദേശങ്ങൾ കണക്കാക്കുന്നുണ്ട്. ഇത് അനുസരിച്ച് നിഷ്കർഷിക്കുന്നത്, ഉദാഹരണമായി അമ്പലപ്പുഴ നഗരസഭ നാഷണൽ ഹൈവേ 17 കണക്റ്റഡായിട്ടുള്ളതാണ്. അതിന്റെ പടിഞ്ഞാറ് വശത്തുള്ള ഭാഗം അമ്പലപ്പുഴ വടക്ക്, തെക്ക് പഞ്ചായത്തുകളുടെ ഭാഗം കടപ്പുറമാണ്. അവിടെയൊരൊറ്റ വീടില്ലെന്ന് മാത്രമല്ല, അവിടെ വീട് വയ്ക്കാൻ അവകാശവുമില്ല. റോഡിന് കിഴക്ക് വശം 200 മീറ്ററിനപ്പുറത്തായി വീട് വയ്ക്കാം. അതേ അവസരത്തിൽ ഇതിൽ മറ്റൊരു കാര്യം നിഷ്കർഷിക്കുന്നുണ്ട്, 20,000 സ്ക്വയർ ഫീറ്റ് വരെ കെട്ടിടം വയ്ക്കുന്നതിന് യാതൊരു തടസ്സവും പ്രമാണിമാർക്കില്ല. എന്നാൽ ഒരു കുടിലുവെച്ചുകെട്ടാൻ യാതൊരു സ്വാതന്ത്ര്യവുമില്ല. അമ്പലപ്പുഴ പോലെ തന്നെ വടക്കോട്ടുപോയാൽ തലശ്ശേരി, മാഹി കഴിഞ്ഞാൽ ഇടതുവശം മുഴുവൻ കടപ്പുറമാണ്. തലശ്ശേരി നഗരസഭയിൽ റോഡിന് ഇടത് വശത്ത് ഈ നിയമം നിലനിൽക്കുന്നിടത്തോളംകാലം ഇനി ഒരു കുടിലും വെച്ചുകെട്ടാനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിരിക്കില്ല. അത്രയേറെ ക്രൂരമാം വിധത്തിൽ ഒരു മനുഷ്യാവകാശ ലംഘനം ആണ് CRZ നിയമം എന്ന് പറയേണ്ടി വന്നതിൽ ദു:ഖമുണ്ട്. പക്ഷെ സത്യം അതായതുകൊണ്ട് ഉറക്കെ പറയാൻ ആഗ്രഹിക്കുന്നു. ഇത് മനുഷ്യന്റെ പ്രാഥമികമായ അവകാശങ്ങളുടെ ലംഘനമാണ്, കയ്യേറ്റമാണ്, അക്രമമായ സ്വഭാവമാണ്. വാക്കുകൊണ്ടും പ്രവർത്തികൊണ്ടും ആയുധമെടുത്ത് എങ്ങനെയാണ് ആക്ര

മിക്കുക അപ്രകാരമുള്ള ആക്രമണമാണ് ഈ നിയമത്തിലൂടെ കേരളത്തിലെ തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്കുനേരെ കെട്ടഴിച്ചുവിട്ടിരിക്കുന്നത്.

ഇപ്പോൾ തീരപ്രദേശത്ത് അശാന്തമായൊരു അന്തരീക്ഷമുണ്ട്. എന്റെ സ്നേഹിതനായ ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഞാനും കഴിഞ്ഞ ദിവസം കേരള റീജിയണൽ ലാറ്റിൻ കാത്തലിക് അസോസിയേഷൻ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. ഈ പ്രശ്നം സംബന്ധിച്ച് തലശ്ശേരിയിൽ നിന്ന് ഒരു ജാഥ ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിക്കുകയുണ്ടായി. വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറത്തുള്ള പതിനായിരക്കണക്കിനാളുകളും ഈ സമ്മേളനത്തിൽ പങ്കെടുത്തു. ആ സമ്മേളനം ഉദ്ഘാടനം ചെയ്തത് അഭിവന്ദ്യനായ ലാറ്റിൻ കത്തോലിക്ക സഭയുടെ ഹൈറാർക്കി കൂടിയായ ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കലാണ്. അതിൽ അദ്ദേഹം ഒരു വാചകം പറഞ്ഞത് ഞാൻ പറയാം: അമേരിക്കയുടെ മഹാത്മാഗാന്ധി എന്ന് അറിയപ്പെടുന്ന ഡോ. മാർട്ടിൻ ലൂഥർ കിംഗ് പറയുകയുണ്ടായി 'Our lives begin to the end, the day we become silent about things that matter'. 'സുപ്രധാനവും നിർണ്ണായകവുമായ കാര്യങ്ങളിൽ എന്ന് നാം നിശബ്ദരാകുന്നുവോ അന്ന് നമ്മുടെ ജീവിതത്തിന്റെ അന്ത്യം ആരംഭിക്കുന്നു'. ഇവിടെ നാം എങ്ങും നിശബ്ദരാകുന്നുവെങ്കിൽ തീരദേശത്തിന്റെ അന്ത്യം ഇവിടെ ആരംഭിക്കുന്നു എന്ന് മാർട്ടിൻ ലൂഥർ കിംഗിനെ ഉദ്ധരിച്ചുകൊണ്ട് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പറഞ്ഞു. 'തീരദേശത്തിന്റെ യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഒന്ന് കണ്ണ് തുറക്കുക, അതിജീവനം പോലും അസാദ്ധ്യമായ

രീതിയിൽ അവിടെ അവഗണന പെരുകിയിരിക്കുന്നു. അനീതി നിറഞ്ഞിരിക്കുന്നു. പ്രാന്തവൽക്കരണം പാരമ്യത്തിലെത്തിയിരിക്കുന്നു. ഇപ്പോൾ സി. ആർ.ഇസഡ്. വിജ്ഞാപനം പോലുള്ള അസംബന്ധ ചട്ടങ്ങൾ കാരണം അതിജീവനംതന്നെ മത്സ്യത്തൊഴിലാളികൾക്ക് അസാധ്യമായിരിക്കുന്നു. തല ചായ്ക്കാൻ ഒരു കൂരയുണ്ടാക്കാൻ പറ്റാത്ത സ്ഥിതി വിശേഷം ഇന്ന് സംജാതമായിരിക്കുന്നു. ഭൂമി – ടൂറിസം മാഫിയയുടെയും മറ്റ് തൽപ്പര കക്ഷികളുടെയും കാൽക്കൽ സ്വന്തം കിടപ്പാടം അർപ്പിച്ച് തീരദേശം സംരക്ഷിച്ച ഈ സാധുജനങ്ങൾ തീരം വിട്ടുപോകേണ്ടി വന്നിരിക്കുന്ന ഗതികേടിലാണ് നമ്മുടെ നാട് നിൽക്കുന്നത്' എന്ന് പ്രസംഗം ചുരുക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. സമസ്ത തലങ്ങളിലും ജാതി–മത–രാഷ്ട്രീയ വ്യത്യാസം കൂടാതെ മുഴുവൻ ആളുകളും ഒരു പൊതു വികാരമായി ഇന്ന് ഇതിനെ കണക്കാക്കുമ്പോൾ ഈ നിയമനടപടിയെ...... ഞാൻ ഒരു കാര്യം വളരെ വ്യക്തമായി പറയാം, കേരളത്തിലെ ഗവൺമെന്റ് ഉറച്ചുനിൽക്കണം. വന നിയമപ്രകാരം കാട് ആദിവാസിക്ക് ആവാസ വ്യവസ്ഥയാണ്. കടലോരം മത്സ്യത്തൊഴിലാളികളുടെ ആവാസ വ്യവസ്ഥയാണ്. ജനിച്ച മണ്ണും ശ്വസിച്ച വായുവും മനുഷ്യ ജീവിതത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുമ്പോൾ അവരുടെ തൊഴിലിന്റെ ഭാഗമായി, അവിടെ വള്ളങ്ങൾ കയറ്റി വയ്ക്കാൻ കഴിയുന്നില്ല. ഇതിന്റെ ഫലമായി വീടുനമ്പർ ഇട്ട് കിട്ടുന്നില്ല. നമ്പർ ഇട്ട വീടുകൾ പൊളിച്ചു മാറ്റുന്ന സ്ഥിതി വിശേഷമുണ്ടായി. അമ്പലപ്പുഴയിലെ 100 വീടുകൾ സുനാമിയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. കേരളത്തിൽ സുനാമി മൂലം നിർമ്മിച്ച വീടുകൾ പൊട്ടിപ്പൊളിഞ്ഞുപോയിട്ടുണ്ടെങ്കിൽ അതിനെ പുനർ നിർമ്മിക്കാൻ പോലും....... സുനാമി എന്ന് വച്ചാൽ വലിയ ഭീകരമായ ഒരു കടലാക്രമണം

വന്ന് ജീവിതത്തെ വേട്ടയാടി സർവ്വതും നശിപ്പിച്ചും തകർത്തുപോയ ആ അവസ്ഥാവിശേഷത്തിന്റെ നടുവിൽ രക്ഷയായി സംഘടനകളുമെല്ലാം ചേർന്ന് പങ്കുവഹിച്ചു. അങ്ങനെ വന്ന് പണിത വീടുകൾ വീണാൽ അത് പുതുക്കി പണിയാനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന ഈ കാട് നിയമം, ഈ തെറ്റായ മലയോര പ്രദേശങ്ങളെ ബാധിക്കുന്ന കസ്തൂരിരംഗൻ റിപ്പോർട്ട് ഉയർത്തിവിട്ട സാമൂഹ്യപ്രത്യാഘാതത്തിന്റെ മറ്റൊരു ദുരന്തഭൂമിയായി ഈ തീരദേശത്തെ മാറ്റാൻ കേരളത്തിലെ ജനങ്ങൾ അനുവദിക്കില്ലെന്നും അതിനെതിരായി ശക്തമായ പോരാട്ടം ഉയർന്നുവരുമെന്നും ഈ പ്രശ്നത്തിൽ മുഖ്യമന്ത്രിതന്നെ ഇവിടെ വിശദീകരിച്ചത് മുഖവിലക്ക് എടുത്തുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സി.ആർ.ഇസഡ്.-ലെ അപ്രായോഗ്യമായിട്ടുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു കഴിഞ്ഞു. അതിന് മാറ്റങ്ങൾ ഉണ്ടായേ മതിയാകൂ. സംസ്ഥാന ഗവൺമെന്റ് അക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്, ഇനിയും സ്വീകരിക്കുകയും ചെയ്യും. ബഹുമാനപ്പെട്ട എസ്. ശർമ്മയോട് എനിക്ക് ഒരു കാര്യം ചോദിക്കാനുള്ളത്, ഇന്ന് നിലവിലുള്ള ഈ നിയന്ത്രണങ്ങൾ 2010 സെപ്റ്റംബർ 15-നാണ് കരട് വിജ്ഞാപനമായി ഇറക്കിയത്. അതിൽ ആറ് മാസത്തേയ്ക്ക് സംസ്ഥാന ഗവൺമെന്റുകൾക്കും പൊതുജനങ്ങൾക്കും അഭിപ്രായം പറയാനായി അവസരം കൊടുത്തിരുന്നു. ഒരു അവസരവും എക്സ്റ്റൻഷനും കൊടുത്തതിനുശേഷമാണ് 2011 ജനുവരി 6-ൽ ഈ

നോട്ടിഫിക്കേഷൻ ഇറക്കിയത്. അന്ന് അങ്ങ് ഫിഷറീസ് വകുപ്പിന്റെ മന്ത്രിയായിരുന്നു. സംസ്ഥാന ഗവൺമെന്റിനുള്ള പ്രതിഷേധം എന്തുകൊണ്ട് അന്ന് അറിയിച്ചില്ല എന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ. എസ്. ശർമ്മ: താങ്കൾ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. 2010 അവസാനം ഇതിന്റെ കരട് വിജ്ഞാപനം വന്ന സന്ദർഭത്തിൽത്തന്നെ ആ കരട് വച്ചുകൊണ്ട് കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ നേതാക്കളുടെയും മീറ്റിംഗ് വിളിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു നോട്ട് തയ്യാറാക്കുകയും അത് മന്ത്രിസഭയിൽ അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന് ഈ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്ന്, രണ്ടാമത് 2011 ജനുവരി 6-ാം തീയതിയാണ് ഇതു സംബന്ധിച്ച റൂൾസിന്റെ നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റ് നടത്തിയത്. ആ റൂൾസിൽ പ്രധാനമായും വൈപ്പിൻ ഐലന്റ് ഉൾപ്പെടെയുള്ളതെല്ലാം പ്രത്യേകമെടുത്തുപറയുന്നുണ്ട്. ഇതെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് നമ്മൾ ഒരു നിവേദനം കേന്ദ്രത്തിന് കൊടുക്കുകയും മാത്രമല്ല ബഹുമാനപ്പെട്ട പ്രതിരോധ വകുപ്പുമന്ത്രിയായ എ. കെ. ആന്റണിയെ ഞാൻ പ്രത്യേമായി പോയി കാണുകയും പ്രത്യേകം നിവേദനം കൊടുക്കുകയും ചെയ്തു. അന്നത്തെ കമ്മിറ്റിയുമായി ബന്ധപ്പെട്ടിരുന്ന എറണാകുളം എം.പി.യും കേന്ദ്ര മന്ത്രിയുമായ പ്രൊഫ. കെ. വി. തോമസ് മാഷിനെ പ്രത്യേകമായി കണ്ട് സംസാരിക്കുകയും നിവേദനം കൊടുക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്ന എല്ലാകാര്യങ്ങളും നമ്മൾ ചെയ്തിരുന്നു. അന്ന് ഇക്കാര്യം എഫക്ടിൽ വന്നിരുന്നില്ല. അങ്ങ് പറഞ്ഞ ഡേറ്റൊക്കെ കറക്ടാണ്. അതിലൊന്നും എനിക്ക് സംശയമില്ല.

കഴിഞ്ഞ 7-8 മാസങ്ങളായിട്ടാണ് ഇക്കാര്യങ്ങൾക്കൊക്കെ കർശനമായ നിയന്ത്രണം വന്നിരിക്കുന്നത്. ഇത് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും കേന്ദ്ര ഗവൺമെന്റ് കാണിച്ച നിരുത്തരവാദപരമായ സമീപനത്തിന്റെ സംരക്ഷണമായി എന്നോടുള്ള ചോദ്യത്തെ ഉപയോഗിക്കാൻ ശ്രമിക്കരുത്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് പറഞ്ഞത് ശരിയാണ്. ........

........... (ബഹളം).................

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്............മുഖ്യമന്ത്രി ......ഒരു മിനിട്ട്............ശ്രീ. എസ്. ശർമ്മ പറയുന്നത് പിൻ ഡ്രോപ് സൈലന്റായി സഭ മുഴുവൻ കേട്ടതാണ്. മുഖ്യമന്ത്രി മറുപടി പറയട്ടെ........... നോ.......നോ............

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് ഇവിടെ പറഞ്ഞ ചർച്ചകളും കാര്യങ്ങളുമൊക്കെ നടത്തിയത് 2008-ലെ സി.എം.ഇസഡ്. നോട്ടിഫിക്കേഷൻ സംബന്ധിച്ചാണ്. എന്നാൽ ഞാൻ പറയുന്നത് 2011 ജനുവരി 6-ാം തീയതി ഫൈനലായി ഇറക്കിയിട്ടുള്ള സി.ആർ.ഇസഡ്.-ന്റെ നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ അഭിപ്രായം ചോദിച്ചു. മൂന്ന് പ്രാവശ്യം നിങ്ങളുടെ മന്ത്രിസഭയിൽ ഇത് ചർച്ച ചെയ്യുമെന്ന് പറഞ്ഞു വച്ചു. ഒരു എതിരഭിപ്രായവും കേന്ദ്രത്തിനെ അറിയിച്ചിട്ടില്ലെന്ന് ഞാൻ ഇവിടെ ഉറപ്പിച്ചു പറയുന്നു.

ശ്രീ. എസ്. ശർമ്മ: 2011 ജനുവരിയിലാണ് ഇതിന്റെ റൂൾസ് വന്നത്. ആ റൂൾ വരുന്നതിനുമുമ്പ് നേരത്തെ ഇറങ്ങിയ നോട്ടിഫിക്കേഷൻ 6 മാസത്തിനു മുമ്പ് വന്നു. ഞാൻ ഉത്തരവാദിത്തത്തോടുകൂടി പറയുന്നു, അന്ന് എല്ലാ സംഘടനകളിലേയും യോഗം വിളിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ..........ഗവൺമെന്റ് നോട്ടിഫിക്കേഷൻ സർക്കുലേറ്റ് ചെയ്തു. അത്

എല്ലാ സംഘടനകൾക്കും കൊടുത്തിരുന്നു. അവർ തന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്. ഞാനല്ലേ പറയുന്നത്. ഞാൻ ചോദിക്കട്ടെ. ബഹുമാനപ്പെട്ട കേന്ദ്ര പ്രതിരോധ വകുപ്പു മന്ത്രി എ.കെ. ആന്റണി ഉൾപ്പെടെയുള്ളവർ ഇക്കാര്യത്തിൽ പ്രത്യേകമായി ഇടപെടണമെന്ന് പറഞ്ഞ് ഞാൻ അദ്ദേഹത്തെ പോയി കാണുകയും ചെയ്തു. കേരളത്തിൽനിന്ന് 8 കേന്ദ്ര മന്ത്രിമാർ അവിടെ ഉണ്ടായിരുന്നിട്ട് ഈ കേരളത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കണ്ടേ, നടപടി സ്വീകരിക്കണ്ടേ?

ശ്രീ. ഉമ്മൻ ചാണ്ടി: എന്റെ ചോദ്യം അതല്ല. ഫൈനൽ നോട്ടിഫിക്കേഷൻ 2011 ജനുവരിയിൽ വന്നു. ഞാൻ സമ്മതിക്കുന്നു. 2010 സെപ്റ്റംബർ 11-ന് കരട് വിജ്ഞാപനമിറക്കിയിട്ട് സംസ്ഥാന ഗവൺമെന്റുകളോടും പൊതുജനങ്ങളോടും ഇതിന് എതിരഭിപ്രായങ്ങൾ ഉണ്ടെങ്കിൽ എഴുതി അറിയിക്കാൻ പറഞ്ഞപ്പോൾ കേരള സംസ്ഥാനം എതിരഭിപ്രായം പറഞ്ഞിട്ടില്ല എന്നതാണ് എന്റെ കേസ്.

ശ്രീ. എസ്. ശർമ്മ: ഞങ്ങൾ എതിരഭിപ്രായം അറിയിച്ചിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: അഭിപ്രായം അറിയിക്കാത്ത സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം കിടക്കുന്നതെന്ന് ഞാൻ ആധികാരികമായി പറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങനെയാണെങ്കിൽ 2011 മെയ് മാസം അങ്ങ് മുഖ്യമന്ത്രിയായില്ലേ; അങ്ങയുടെ ഗവൺമെന്റ് അറിയിച്ചോ? ഇത്രയും കാലമായിട്ടും എന്തുകൊണ്ട് നടപടിയെടുത്തില്ല; കേന്ദ്രത്തിൽ എട്ട് മന്ത്രിമാർ ഇരിക്കുന്നില്ലേ?

<u>ശ്രീ. ഉമ്മൻചാണ്ടി</u>: സർ, ഞാൻ ആ ചോദ്യം പ്രതീക്ഷിച്ചിരിക്കയായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 2010 സെപ്റ്റംബർ 15-നുള്ള കരട് വിജ്ഞാപനം സംസ്ഥാന ഗവൺമെന്റിനോട് ചോദിച്ചിട്ട് അഭിപ്രായം പറയാത്ത വിജ്ഞാപനം, അന്ന് പ്രതിപക്ഷനേതാവായിരുന്ന എന്റെ ഒബ്ജക്ഷൻ ഞാൻ കൊടുക്കുകയും രണ്ട് മാറ്റങ്ങൾ അതിനകത്ത് വരുത്തിക്കുകയും ചെയ്തു. പ്രതിപക്ഷനേതാവെന്ന നിലയിൽ ഞാൻ അയച്ചു. ഗവൺമെന്റിനോട് മാത്രമല്ല പൊതുജനങ്ങളോടും അഭിപ്രായങ്ങൾ ചോദിച്ചു. രണ്ട് മാറ്റങ്ങൾ അതിനകത്ത് വന്നത് – കായൽ ദ്വീപുകളിൽ 100 മീറ്ററിനുള്ളിൽ യാതൊരു നിർമ്മാണവും പാടില്ല എന്നായിരുന്നു കരട് വിജ്ഞാപനത്തിൽ ഉണ്ടായിരുന്നത്. എന്നാൽ കായൽ ദ്വീപുകളിൽ 100 മീറ്റർ എന്നത് 50 മീറ്ററായി കുറച്ചു. കടൽ തീരത്ത് 200 മീറ്ററിനുള്ളിൽ ഒരു നിർമ്മാണവും പാടില്ല, അവിടെ ഡെവലപ്പ്മെന്റ് ഫ്രീ ഏരിയ ആയിട്ടായിരുന്നു കരട് വിജ്ഞാപനം വന്നിരുന്നത്. അതിൽ 100 മീറ്ററിനും 200 മീറ്ററിനുമിടയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ചെറിയ വീടുകൾ വയ്ക്കുന്നതിന് ഫൈനൽ വിജ്ഞാപനത്തിൽ മാറ്റം വന്നിട്ടുണ്ട്.

<u>ശ്രീ. ജി. സുധാകരൻ:</u> ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇക്കാര്യത്തിലുള്ള പ്രതിബദ്ധത അങ്ങേയ്ക്കറിയാം. ഞങ്ങൾ അറിയിച്ചില്ല എന്ന് അങ്ങ് ഒരു പൊളിറ്റിക്കൽ ആംഗിളിൽ പറയുന്നതായാണ് തോന്നുന്നത്. എന്റെ മണ്ഡലത്തിൽ, മുനിസിപ്പാലിറ്റി മുതൽ തോട്ടപ്പള്ളി വരെ 25 കിലോമീറ്റർ കടൽത്തീരം ഉണ്ട്. 25 കിലോമീറ്ററിൽ കൂടുതൽ കടൽത്തീരമുള്ള ഒരു മണ്ഡലവും ഉണ്ടാകില്ല. ഞാൻ പറയുന്നത് ലക്ഷക്കണക്കിന് മത്സ്യത്തൊഴി

ലാളികൾ തീരപ്രദേശത്ത് വസിക്കുന്നുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. അങ്ങയുടെ ഗവൺമെന്റ് കേന്ദ്രം ഭരിക്കുമ്പോൾ, തോമസ് മാഷിനെപ്പോലെ മത്സ്യത്തൊഴിലാളികളുടെ വോട്ട് വാങ്ങി ജയിച്ച ഒരു മിനിസ്റ്റർ അവിടെയുള്ള പ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടോ എന്നു ചോദിക്കുന്നതുതന്നെ....

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ............നോ.........നോ................. അദ്ദേഹം മറുപടി പറഞ്ഞിട്ടില്ല. ശ്രീ.ജി. സുധാകരൻ....അദ്ദേഹം മറുപടി പറ ഞ്ഞിട്ടില്ല.

ശ്രീ. ജി. സുധാകരൻ : അങ്ങനെ ചോദിക്കുന്നതുതന്നെ ഒരു ഗവൺമെന്റിന് ഭൂഷണമല്ല. പക്ഷേ ഡൽഹിയിൽ നിന്ന് വെടിവയ്ക്കുമ്പോൾ നിങ്ങൾ എന്താണ് കൈ കൊണ്ടുതടുക്കാത്തത് എന്ന് ചോദിച്ചാൽ മാത്രം മതിയോ; നിങ്ങൾ വെടിവയ്ക്കുകയാണ്. ഞങ്ങൾ അത് കൈകൊണ്ട് തടുത്തു. കടലാസ് കൊണ്ട് തടുത്തു. അങ്ങ് രേഖകൾ പരിശോധിച്ചോളൂ. ഗവൺമെന്റ് എതിർത്തിട്ടുണ്ട്. അങ്ങ് വിശദീകരിക്കണം.

മി. സ്പീക്കർ: സി.എം...... പറയാനുള്ളത് പറയുക.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഒബ്ജക്ഷൻ ഫയൽ ചെയ്യുകയോ അറിയിക്കു കയോ പോലും ചെയ്യാതെ കൈകൊണ്ട് തടയുക എന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? അതുകൊണ്ട് ഇതിന്റെ ഗൗരവം മനസ്സിലാക്കുന്നു. ഈ നിയമ ത്തിനുള്ളിൽത്തന്നെ സംസ്ഥാനങ്ങൾക്ക് പ്രവർത്തിക്കാനുള്ള സ്വാത ന്ത്ര്യത്തിന് ഇടം കണ്ടെത്തും. മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ഇതിന് പരിഹാരം ഉണ്ടാക്കും എന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് ഉറപ്പുതരും എന്നു പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത്, ഗവൺമെന്റ് ഇപ്പോൾ കുറച്ച് വീടുകൾ അനുവദിച്ചു. തറക്കല്ല് ഇട്ടിട്ടാണ് കൊടുക്കുന്നത്. അതിനനുസരിച്ച് വീട് നിർമ്മിക്കാൻ പോകുമ്പോൾ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി അനുവാദം കൊടുക്കുന്നില്ല. അങ്ങനെയുള്ള കേസുകൾക്ക് അനുവാദം കൊടുക്കാൻ മുഖ്യമന്ത്രി ഇന്നുതന്നെ ഒരു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞങ്ങൾ ഇതിനോടകം തന്നെ ഇതിന്റെ ബന്ധപ്പെട്ട ഏജൻസികളും ബന്ധപ്പെട്ട മന്ത്രിമാരും ഒന്നിച്ചിരുന്ന് ഇതിനെക്കുറിച്ച് ഒരു ചർച്ച നടത്തി. ഇതുസംബന്ധിച്ച് ഞങ്ങൾ വീണ്ടും ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. കാരണം ഏറ്റവും വേഗത്തിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഉദ്ദേശിക്കുന്ന ഭവന നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക്, അതുമായി മുമ്പോട്ടുപോകാൻ സാധിക്കുന്നില്ല. നമുക്ക് മുമ്പോട്ട് പോയേ പറ്റൂ. ബഹുമാനപ്പെട്ട എസ്. ശർമ്മ പറഞ്ഞ മറ്റ് അഭിപ്രായത്തോടൊക്കെ യോജിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ആ മേഖലയിൽ ഉണ്ടാകേണ്ട അവകാശങ്ങൾ, സ്വാതന്ത്ര്യം അത് നമുക്ക് കൊടുത്തേ മതിയാകൂ.

ശ്രീ. എസ്. ശർമ്മ: നമ്മുടെ എതിർപ്പ് റിട്ടൺ ആയിട്ട് കൊടുത്തിട്ടുണ്ട്.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഇല്ല. ...........ഞാൻ പറയാം. 2008-ലെ സി. എം.ഇസഡ്. (കോസ്റ്റൽ മാനേജ്മെന്റ് സോൺ)-ന്റെ നോട്ടിഫിക്കേഷന് എതിരെ പരാതി കൊടുത്തിട്ടുണ്ട്. 2010-ലെ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷന്......(ബഹളം)........ ഞാൻ ആധികാരികമായി പറയുകയാണ്.

മി. സ്പീക്കർ: ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ്...... പ്ലീസ്...പ്ലീസ്....

ശ്രീ. ഉമ്മൻചാണ്ടി: കൊടുത്തിട്ടില്ല..................കൊടുത്തിട്ടില്ല ........(ബഹളം).... അതിന് ഞാനെന്തു ചെയ്യും....(ബഹളം)....

മി. സ്പീക്കർ: ...(ബഹളം)...... ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. പ്ലീസ്... പ്ലീസ്....

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ ആധികാരികമായിട്ട് പറയുകയാണ് ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.....ശ്രീ. വി. എസ്. സുനിൽകുമാർ...പ്ലീസ്... പ്ലീസ് ............(ബഹളം)........

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ ആധികാരികമായിട്ട് പറയുകയാണ്.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.....മുഖ്യമന്ത്രി മറുപടി പറയുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല.

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ വ്യക്തമായി പറഞ്ഞതാണ്, 2008-ലെ സി. എം.ഇസഡ്-ലെ നോട്ടിഫിക്കേഷന് എതിരായിട്ട് പറഞ്ഞിട്ടുണ്ട്. പക്ഷേ 2010-ൽ ചോദിച്ചിട്ടും പറഞ്ഞില്ല....(ബഹളം)....പറഞ്ഞില്ല...മറുപടി പോലും...

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്...എന്താണ്? മുഖ്യമന്ത്രി ആധികാരികമായിട്ടാണ് പറയുന്നത്. മുഖ്യമന്ത്രി പറയണ്ടേ; അങ്ങനെ നിഷേധിച്ചതൊന്നുമില്ല. വെറുതെ എന്തിനാണ് ഒച്ച എടുക്കുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: വസ്തുത പറയണ്ടേ?

മി. സ്പീക്കർ: നോ......പ്ലീസ്......പ്ലീസ്...അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ അതിന് മറുപടി പറയും. പറയുന്ന മറുപടികൾ എല്ലാം സ്വീകാര്യ

മാകണമെന്നില്ല. അതിന് ബഹളമുണ്ടാക്കിയിട്ട് കാര്യമുണ്ടോ?...(ബഹളം).... ശ്രീ. കുഞ്ഞുമോൻ......എന്തിനാണ് ശ്രീ. എ. കെ. ആന്റണിയെ ഇതിന്റെയിടയിൽ കൊണ്ടുവരുന്നത്....(ബഹളം).....

ശ്രീ. ഉമ്മൻചാണ്ടി: ഇനി ഞാൻ ഫയൽ കൊണ്ടുവരണോ; ....(ബഹളം)....... മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികളുമായി മുമ്പോട്ടു പോകും. അക്കാര്യത്തിൽ പ്രതിപക്ഷത്തിന്റേയും സഹകരണം ഉണ്ടാകണം. നമുക്ക് ഒറ്റക്കെട്ടായി നിന്നുകൊണ്ട് തീരപ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടി ഒന്നിച്ച് ശ്രമിക്കാം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെയടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ, ഈ മുഖ്യമന്ത്രി, എന്റെ സ്നേഹിതൻ ശ്രീ. ഉമ്മൻ ചാണ്ടി എപ്പോഴും അദ്ദേഹത്തിന് നേരെ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്ത് നിങ്ങൾ വല്ലതും ചെയ്തോ? ഞാൻ പ്രതിപക്ഷനേതാവായിരുന്നപ്പോൾ പലകാര്യങ്ങളും ചെയ്തു എന്നു പറയുന്ന അല്പത്തം, ഈ ഒരു ചോദ്യത്തിൽ മാത്രമല്ല പല ചോദ്യങ്ങളും പ്രതിപക്ഷത്തിരിക്കുന്ന മുൻമന്ത്രിമാർക്കെതിരായി അദ്ദേഹം തൊടുത്തുവിട്ടിട്ടുണ്ട്. ഞാൻ ചോദിക്കുന്നത് ഈ നിയമം കൊണ്ടുവന്നത് ആരാണ്? വി. എസ്. അച്ചുതാനന്ദനാണോ, ശ്രീ. എസ്. ശർമ്മയാണോ, അതോ മൻമോഹൻ

സിംഗാണോ? ആ മൻമോഹൻ സിംഗിനെ കാണുമ്പോൾ മുട്ടുവിറയ്ക്കുന്ന മന്ത്രിമാർ, എട്ട് കേന്ദ്രമന്ത്രിമാർ, അതിൽ രണ്ട് കേന്ദ്രമന്ത്രിമാരായ തോമസ് മാസ്റ്ററെയും ശ്രീ. എ. കെ. ആന്റണിയെയും കണ്ട് തീരദേശത്തെ 11 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളുടെ ദുരിതമയമായ സ്ഥിതിയെ സംബന്ധിച്ചും സി.ആർ.ഇസഡ്. നിയമത്തെ സംബന്ധിച്ചും ശ്രീ. എസ്. ശർമ്മ പറഞ്ഞത്. അത് പറഞ്ഞിട്ടില്ല. അതൊന്നും പറഞ്ഞിട്ടില്ല എന്നും, ആധികാരികം...ആധികാരികം........ ശ്രീ. എസ്. ശർമ്മയോ ഇപ്പോൾ അധികാരത്തിലില്ല. ശ്രീ. എസ്. ശർമ്മ പറയുന്നതോ അധികാരമല്ല. ഈ ജാതിയിലുള്ള അല്പത്തം നമ്മൾ വല്ല മന്ത്രിമാരിൽ നിന്നും കേട്ടിട്ടുണ്ടോ? മുമ്പ് നിങ്ങളുടെ ഗവൺമെന്റ് ഇരുന്ന അവസരത്തിൽ നിങ്ങളെക്കൊണ്ട് ചെയ്യാൻ കഴിയുന്നത് ചെയ്തു. ഞങ്ങൾ ഇപ്പോൾ ഇങ്ങനെ ചെയ്യുന്നു എന്നല്ലേ ഭവ്യമായി മന്ത്രിമാർ ഉത്തരം പറയേണ്ടത്? ആ തരം ഉത്തരമാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയിൽ നിന്ന് ഞാൻ പ്രതീക്ഷിച്ചത്.

പതിനൊന്ന് ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളാണ് തീരപ്രദേശത്തുള്ളത്. ഏകദേശം 300 കോടി രൂപയുടെ വിദേശനാണ്യമാണ് അവർ നേടിത്തരുന്നത്. വെജിറ്റേറിയൻമാരെ ഉദ്ദേശിച്ചല്ല ഞാൻ പറയുന്നത്. കേരളത്തിലുള്ള വലിയൊരു വിഭാഗം ആളുകളും മത്സ്യത്തൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യം രുചികരമായി ഭക്ഷിക്കുന്നവരാണ്. തീരദേശ പരിപാലന നിയമം അടിച്ചേൽപ്പിക്കുന്നതുമൂലം കടലോരങ്ങളിലും കായലോരങ്ങളിലും അധിവസിക്കുന്ന ദശലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ നേരിടുന്ന ദുരിതങ്ങളെപ്പറ്റി അടിയന്തര പ്രമേയം അവതരിപ്പിച്ച ശ്രീ. എസ്. ശർമ്മ വിശദമായി പ്രദിപാദിച്ചിരുന്നു. ഇതുസംബന്ധിച്ച് സഭയിൽ പറഞ്ഞ മറുപടി

സർക്കാരിന്റെ നിസ്സംഗതയാണ് വെളിവാക്കുന്നത്. ഉപജീവനത്തിന് കടലിനെയും കായലിനെയും ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് തീരപ്രദേശങ്ങളിൽ മാത്രമേ ജീവിക്കാൻ കഴിയുകയുള്ളൂ. അവിടെ ജീവിച്ച് തൊഴിലെടുക്കുകയെന്നത് അവരുടെ മൗലികാവകാശമാണ്. തീരദേശ പരിപാലന നിയമത്തിന്റെ കുരുക്കിൽ അവരെ അവിടെനിന്ന് ആട്ടിയോടിക്കുന്നത് മനുഷ്യത്വരഹിതമാണെന്ന് മാത്രമല്ല മൗലികാവകാശ ലംഘനവും കൂടിയാണെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ മലയോര കർഷകർക്ക് അവിടെ ജീവിക്കാനാവില്ലെന്ന് വന്നതുകൊണ്ടാണല്ലോ അതിനെതിരായി വ്യാപകമായ പ്രതിഷേധമുണ്ടായത്. അങ്ങനെ വന്നപ്പോൾ ചട്ടം 130 അനുസരിച്ച് ചർച്ച ചെയ്യാൻ സഭ നിർബന്ധിക്കപ്പെട്ടു. മലയോര കർഷകരുടെ കാര്യത്തിൽ കാണിക്കുന്ന താല്പര്യം എന്തുകൊണ്ടാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ കാണിക്കാത്തത്? അവരും നമ്മുടെ സഹോദരങ്ങളല്ലേ, ഇത് ഇരട്ടത്താപ്പല്ലേ? പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ തീരദേശ പരിപാലന നിയമം പറഞ്ഞ് ഇങ്ങനെ കഷ്ടപ്പെടുത്തുമ്പോൾ വലിയ റിസോർട്ട് മാഫിയകൾക്ക് ഇതൊന്നും ബാധകമാകുന്നില്ല. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരല്ലേ? വേമ്പനാട്ട് കായലിൽ തീരപ്രദേശ പരിപാലന നിയമം ലംഘിച്ച് നിർമ്മിച്ച **കാപികോ** എന്ന റിസോർട്ട് പൊളിച്ചുമാറ്റാൻ ഹൈക്കോടതി ഉത്തരവിട്ടില്ലേ? ഉത്തരവിട്ട ജസ്റ്റിസ് കെ.എം. ജോസഫ് ഇപ്പോൾ ചെന്നൈ ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസാണ്. എന്നിട്ടെന്തായി, മാസമെത്ര കഴിഞ്ഞു. ആ അനധികൃത റിസോർട്ടിന്റെ ഒരു കല്ല് ഇളക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിഞ്ഞിട്ടുണ്ടോ? തീരദേശ പരിപാലന നിയമവും ഹൈക്കോടതി ഉത്തരവുമൊന്നും റിസോർട്ട്

മാഫിയകൾക്ക് ബാധകമല്ലേ? റിസോർട്ട് മാഫിയകളുടെ മുന്നിൽ സർക്കാരിന് മുട്ടുവിറയ്ക്കുന്നതെന്താണ്? കേരളത്തിന്റെയാകെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി ഒരു റോഡ് നിർമ്മിച്ചതിന് മാപ്പ് പറഞ്ഞ വരല്ലേ നിങ്ങൾ? ആ റോഡിനോട് ചേർന്ന് തീരദേശ നിയമം ലംഘിച്ച് പ്രവർത്തിക്കുന്ന റിസോർട്ട് മാഫിയകളുടെ അധികാരത്തെ എതിർക്കാൻ നിങ്ങൾക്ക് കഴിയാത്തതെന്താണ്? ഇതിന് ആരോടാണ് ക്ഷമ ചോദിക്കേണ്ടത്. ഈ സർക്കാരിന് വല്ല ഉളുപ്പുമുണ്ടോ? റിസോർട്ട് മാഫിയയ്ക്ക് നിയമം ലംഘി ക്കാൻ കൂട്ടുനിൽക്കുക, പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ചവിട്ടി അവരുടെ ചട്ടിയിൽ മണ്ണ് വാരിയിടുക എന്നതല്ലേ നിങ്ങളുടെ നയം. രണ്ട് മത്സ്യത്തൊഴി ലാളികളെ വെടിവച്ച് കൊന്നതിനുശേഷമുള്ള നിങ്ങളുടെ സമീപനമെ ന്താണെന്ന് കേരളം കണ്ടതാണ്. സർക്കാരിന്റെ ഈ ഇരട്ടത്താപ്പിലും മത്സ്യ ത്തൊഴിലാളികളോടുള്ള ദ്രോഹത്തിലും ഞാൻ ശക്തിയായി പ്രതിഷേധി ക്കുന്നു. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ തീരപ്രദേശങ്ങളിൽ ജീവി ക്കുന്ന പരമ്പരാഗത മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ലക്ഷക്ക ണക്കിന് മത്സ്യത്തൊഴിലാളികളുടെ ഭാവി അപകടത്തിലാണ്. കേന്ദ്രം

കൊണ്ടുവന്ന ഈ നിയമം ഒരു തരത്തിലും ന്യായീകരിക്കാൻ സാധ്യമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെതിരെ ഒരു വാക്കുപോലും പറഞ്ഞില്ല. ഇന്ത്യയിലെ തീരപ്രദേശത്ത് ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളെ പെരു വഴിയിലാക്കുന്ന ഈ നിയമത്തിന്റെ ശില്പി, ഈ നിയമം ആവിഷ്കരിച്ച് ഇപ്പോൾ നടപ്പിലാക്കാൻ നോട്ടിഫൈ ചെയ്തിരിക്കുന്ന ഒന്നാം പ്രതി കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളോട് താല്പര്യമുണ്ടെ ങ്കിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമം പിൻവലിക്കണമെന്ന് ഈ സഭയിൽ അഭിപ്രായം പറയാനെങ്കിലും ശ്രീ. റ്റി.എൻ. പ്രതാപനെപ്പോലെ യുള്ള ആളുകൾ ധീരത കാണിക്കണം. കേന്ദ്ര നിയമം മത്സ്യത്തൊഴിലാളി കൾക്കെതിരായിട്ടുള്ള അവരുടെ കൊലക്കയറാണ്. അതിന് ഭേദഗതികളല്ല ആവശ്യം, ഈ നിയമംതന്നെ മാറണം. ഈ നിയമം സംസ്ഥാനങ്ങളുടെ കൺസെന്റില്ലാതെയാണ് കൊണ്ടുവന്നത് എന്നത് നഗ്നസത്യമാണ്. ശ്രീ. എസ് ശർമ്മ പറയാത്തതുകൊണ്ടാണ് ഈ നിയമം മാറാത്തതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എത്ര ദുർബലമായ ആരോപണമാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, അങ്ങ് പറയുന്ന കാര്യം വളരെ ശരിയാ ണ്. പക്ഷേ നമുക്കൊരവസരം കിട്ടി. CRZ-ന്റെ കരട് വിജ്ഞാപനത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ഇടപെടാനുള്ള അവസരം അങ്ങുൾപ്പെടെ യുള്ള ഗവൺമെന്റുകൾക്ക് കിട്ടി. നാം അത് ഫലപ്രദമായി ഉപയോഗിച്ചില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞങ്ങളെ കുറ്റം പറയുന്ന അതേ നാക്കു കൊണ്ട് ഇതിന്റെ മൂലനിയമം കൊണ്ടുവന്ന ആളുകളെ നിങ്ങൾ എന്തു കൊണ്ട് അപലപിക്കുന്നില്ല. നിങ്ങൾ അവരെ അപലപിക്കണം, കൊണ്ടുവന്ന

നിയമം തെറ്റാണ്. അതിനുപകരം ............ ഞാൻ അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് ഒരിക്കലും പ്രതീക്ഷിക്കുന്നതല്ല. മന്ത്രിമാർ അപ്പുറത്തും ഇപ്പുറത്തും മാറിമാറിയിരിക്കും. സഭയിൽ ഒരു മുൻമന്ത്രി ഒരു പ്രസ്താവന നടത്തിയാൽ അത് കള്ളമാണ്, അടിസ്ഥാനരഹിതമാണ് എന്നൊരു സമീപനം സ്വീകരിക്കുന്നത് നമ്മുടെ രാഷ്ട്രീയ എഥിക്സിന് ചേർന്നതല്ല. ഞാൻ പലപ്പോഴും കേട്ടുകൊണ്ടിരിക്കുന്നതുകൊണ്ട് പറയുന്നതാണ്. അങ്ങനെ ആരോപണ പ്രത്യാരോപണങ്ങൾ നടത്തിയാൽ മത്സ്യത്തൊഴിലാളികൾക്ക് വല്ല ഗുണവുമുണ്ടോ? നിങ്ങളെല്ലാവരും മത്സ്യത്തൊഴിലാളികളുടെ സംരക്ഷകരാണെങ്കിൽ നിങ്ങൾ ചെയ്യേണ്ടത് ഞങ്ങളുടെ സഹായത്തോടുകൂടി നിങ്ങൾ ഈ നിയമം പിൻവലിക്കാനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അതിന് നിങ്ങൾ തയ്യാറുണ്ടോ? അതല്ലേ ചെയ്യേണ്ടത്.

മത്സ്യത്തൊഴിലാളികൾ കൂടുതൽ ദുരിതമനുഭവിക്കുന്ന മണ്ഡലമാണ് കരുനാഗപ്പള്ളി. ഞങ്ങൾ സുനാമി പുനരധിവാസത്തിനായി തീരപ്രദേശത്തുനിന്ന് കുറച്ച് മാറ്റി കുറച്ച് വീടുകൾ വച്ചുകൊടുത്തു. ഇന്നുവരെയും ഒറ്റയാളുപോലും പുതിയ വീട്ടിലേക്ക് പോയിട്ടില്ല. അവർ പറയുന്നത് "രാത്രി ഒരു മണിക്കും രണ്ട് മണിക്കും മൂന്ന് മണിക്കുമൊക്കെയാണ് ഞങ്ങൾക്ക് മത്സ്യബന്ധത്തിന് പോകേണ്ടത്. അവിടെ ഊടുവഴികളാണ്. യാത്രാസൗകര്യവും വെളിച്ചവുമില്ല, ഞങ്ങൾക്ക് മത്സ്യബന്ധത്തിന് പോകാൻ പറ്റുന്നില്ല. ഞങ്ങളുടെ തൊഴിൽ മുടങ്ങുന്നു. അതുകൊണ്ട് തീരപ്രദേശത്ത് അർദ്ധരാത്രിവരെ കിടന്നുറങ്ങിയിട്ടാണ് മത്സ്യബന്ധനത്തിന് പോകുന്നത്. വികാരപരമായ ഒരു കാര്യമാണ്, അവരുടെ തൊഴിലിന്റേയും കുടുംബത്തിന്റേയും വീട്ടിന്റേയു

മൊക്കെ കാര്യമാണ്. അവിടെ പലരും താമസിക്കുന്നു കുടിവെള്ളവും റോഡ് സൗകര്യവുമില്ല. അവിടെ ഒന്നും ചെയ്യാൻ സമ്മതിക്കുന്നില്ല. കോവളത്ത് പോയി നോക്കണം, അവിടെ ഹോട്ടൽ കടലിനകത്താണ് കയറ്റി കെട്ടിയിരിക്കുന്നത്. കേരളത്തിലെ ലീല ഹോട്ടലിന്റെ ഏറ്റവും പ്രധാനപ്പെട്ട കെട്ടിടം ഇരിക്കുന്നത് കടലിനകത്താണ്. കോവളത്ത് എല്ലാ നിയമങ്ങളും ലംഘിച്ച് ഹോട്ടൽ ഉടമകൾ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നു. ഇത് പൊളിക്കാൻ പറഞ്ഞിട്ട് പൊളിക്കുന്നില്ല. പാവങ്ങൾക്കാണോ ഈ സി.ആർ.ഇസഡ്. നിയമം ബാധകമായിട്ടുള്ളത്. ഇതിന്റെ പിന്നിൽ അന്താരാഷ്ട്ര ലോബികളാണ്. ഈ കേരളത്തിലെ തീരപ്രദേശങ്ങളിൽ പണിതുയർത്തിക്കൊണ്ടിരിക്കുന്ന, ഇപ്പോഴും പണി നടന്നുകൊണ്ടിരിക്കുന്ന ഹോട്ടലുകളുണ്ട് അവിടെ ഈ നിയമം നിശബ്ദമാണ്. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു തലശ്ശേരിയിലെ ഒരു മുനിസിപ്പൽ സെക്രട്ടറി ഗവൺമെന്റ് അനുവദിച്ച വീട് നിർമ്മിക്കാൻ സമ്മതിക്കുന്നില്ല. ഇതെന്ത് വൈരുദ്ധ്യമാണ് ഇതിനെ സംബന്ധിച്ച് ഒരു അടിയന്തരപ്രമേയമെങ്കിലും,.... ഏത് അടിയന്തര പ്രമേയമാണ് അങ്ങ് അംഗീകരിച്ചിട്ടുള്ളത്. സരിതയുടെ കാര്യം മുതൽ എല്ലാ കാര്യങ്ങളും ... കസ്തൂരി രംഗൻ റിപ്പോർട്ട് വരെ കൊണ്ടുവന്നിട്ട് ഞങ്ങൾക്ക് ചർച്ചചെയ്യാൻ അവസരം തരുന്നുണ്ടോ? കേരളത്തിലെ 8 മന്ത്രിമാരും കേന്ദ്രത്തിലെ 16 എം.പി മാരും ഉണ്ടല്ലോ? ഇവരെല്ലാപേരും കൂടിയല്ലേ ഈ നിയമം പാസാക്കിയത്. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ വഴിയാധാരമാക്കിയതിന്റെ ഒന്നാം പ്രതി അവരല്ലേ? അതിൽ രാഷ്ട്രീയമായി ഞങ്ങളെ ആക്ഷേപിച്ചിട്ട് കാര്യമുണ്ടോ? ശ്രീ. കെ. വി. തോമസും ശ്രീ. എ. കെ. ആന്റണിയും അവിടെ ഇല്ലേ? അവരെക്കൊണ്ട് സമ്മർദ്ദം ചെലുത്തി അങ്ങുംകൂടി പോയാൽ നടക്കില്ലേ എന്തുകൊണ്ട് അത് ചെയ്യുന്നില്ല?

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ ............ പ്ലീസ്.....പ്ലീസ്

ശ്രീ. സി. ദിവാകരൻ: കേന്ദ്രത്തിന്റെ മുമ്പിൽ സമ്മർദ്ദം ചെലുത്തി, നിയമം പിൻവലിക്കാതെ അങ്ങ് പറയുന്നതുപോലെ 200 അടി എന്നുള്ളത് 100 അടിയാക്കാം 100 അടി എന്നുള്ളത് 50 അടിയാക്കാം 50 അടി 25 അടിയാക്കാം അതുകൊണ്ടൊന്നും നിൽക്കാൻ പോകുന്നില്ല. അതുകൊണ്ട് ഈ നിയമം പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയം അടിയന്തര പ്രമേയത്തിൽ ചർച്ച ചെയ്ത് ഏകകണ്ഠമായ ഒരു അഭിപ്രായം ഉണ്ടാകണം. കസ്തൂരി രംഗൻ റിപ്പോർട്ടിൽ അങ്ങ് അവതരിപ്പിച്ച പ്രമേയം ഞങ്ങൾ രണ്ട് തവണ പാസാക്കി. ഇതിൽ അങ്ങൊരു പ്രമേയം അവതരിപ്പിക്കണം. സി. ആർ.ഇസഡ് നിയമം പിൻവലിക്കണമെന്ന് കേരള നിയമസഭ കേന്ദ്രത്തോട് ആവശ്യപ്പെടുന്നു. അങ്ങനെ ഒരു പ്രമേയം അവതരിപ്പിച്ചാൽ രണ്ട് കയ്യും പൊക്കി ഞങ്ങൾ സ്വീകരിക്കാം. അങ്ങ് അതിന് തയ്യാറാണെങ്കിൽ അത് പരി ശോധിക്കണം. അങ്ങ് സ്പീക്കറായിരുന്ന ഈ സമ്മേളനകാലത്ത് ഒരു വിഷയംപോലും ചർച്ചചെയ്യാൻ അനുവദിച്ചിട്ടില്ല. ഏതായാലും ഇത് ചർച്ച ചെയ്യാത്തിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടി യിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, മലയോരത്തെ കർഷകനും കടലോ രത്തെ മത്സ്യത്തൊഴിലാളിയും ഒരുപോലെ ജീവിതസാഹചര്യങ്ങളുമായി ഒത്തുപോകാൻ പറ്റാത്ത സാഹചര്യവുമായി നിൽക്കുകയാണ്. മലയോരത്ത്

കസ്തൂരി രംഗൻ റിപ്പോർട്ടെങ്കിൽ കടലോരത്ത് മത്സ്യത്തൊഴിലാളികളുടെ സ്വതന്ത്ര വിഹാരത്തെ ഹനിക്കുന്നത് സി.ആർ.ഇസഡ് നിയമാണ്. ഈ നിയമ ങ്ങളൊന്നും ശ്രീ. എസ്. ശർമ്മ കൊണ്ടുവന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യുടെ മറുപടി കേട്ടാൽ മലയോരത്തേയും കടലോരത്തേയും പ്രശ്നങ്ങൾ മുഴുവൻ സൃഷ്ടിച്ചത് ഇവിടുത്തെ ഇടതുപക്ഷമാണെന്ന് തോന്നിപ്പോവുക യാണ്. ഇവിടെ മുഖ്യമന്ത്രി ഉന്നയിച്ച പ്രധാന ആക്ഷേപം ഇടതുപക്ഷ ജനാധി പത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തുവന്ന നോട്ടിഫിക്കേഷനിൽ കരട് വിജ്ഞാപനത്തെക്കുറിച്ച് ആക്ഷേപം കൊടുത്തില്ല. അന്ന് ഫിഷറീസ് വകുപ്പു മന്ത്രിയായിരുന്ന ശ്രീ. എസ്. ശർമ്മ മുഴുവൻ ഉത്തരവാദിത്വങ്ങളും ഏറ്റെടു ത്തുകൊണ്ട് ഉത്തമവിശ്വാസത്തോടുകൂടി ഈ സഭയിൽ പറയുകയാണ് കരട് വിജ്ഞാപനം വന്നപ്പോൾ ബന്ധപ്പെട്ട സംഘടനകളെ വിളിച്ചുവരുത്തി അവ രുടെ അഭിപ്രായം ക്രോഡീകരിച്ച് കേന്ദ്രത്തിൽ ശർമ്മ നേരിട്ട് കൊണ്ടുകൊടു ത്തു എന്ന്. അതിനുശേഷവും  മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ഹനി ക്കുന്ന റിപ്പോർട്ട് ഇവിടെ നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്വം ശ്രീ. എസ്. ശർമ്മയുടേയും ഇടതുപക്ഷത്തിന്റേയും മേൽ ആരോപിച്ച് രക്ഷപ്പെടാൻ മുഖ്യമന്ത്രി ശ്രമിക്കുന്നത് വളരെ ദൗർഭാഗ്യമാണ്. കേന്ദ്രത്തിൽ അഭിപ്രായം അറിയിച്ചാൽ എന്താണ് സ്ഥിതി? നമ്മുടെ നിയമസഭ ഏകകണ്ഠമായി അഭി പ്രായം പറഞ്ഞ എത്രയോ വിഷയങ്ങളുണ്ട്. നമ്മുടെ നിയമസഭ ഡീസലിന്റെ വിലനിർണ്ണയാവകാശം എണ്ണക്കമ്പനികൾക്ക് വിട്ടുകൊടുക്കാൻ പാടില്ലയെന്ന് ഏകകണ്ഠമായി പ്രമേയം പാസാക്കി. എന്നിട്ട് വല്ലതും നടന്നോ? മുല്ലപ്പെരി യാർ വിഷയത്തിൽ നമ്മൾ ഏകകണ്ഠമായി പ്രമേയം പാസാക്കിയില്ലേ; കസ്തൂരി രംഗൻ റിപ്പോർട്ട് നമ്മൾ ഏകകണ്ഠമായി പ്രമേയം പാസാക്കി യില്ലേ? കേരളം കൊടുക്കുന്ന ഏകകണ്ഠമായ അഭിപ്രായങ്ങൾക്ക് എന്തുവില

യാണ് കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. നേരത്തേ കൊടുത്ത കാര്യങ്ങളിൽ ഏകകണ്ഠമായി നിയമസഭ അഭിപ്രായം പറഞ്ഞ കാര്യങ്ങളിൽപ്പോലും കേന്ദ്രം തീർത്തും നിഷേധാത്മകമായ സമീപനമാണ് കേരളത്തോട് സ്വീകരിച്ചത് എന്ന വസ്തുത വിസ്മരിക്കരുത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരുമിച്ച് നിന്ന്..... ഇവിടെയുള്ള പ്രശ്നമെന്താണ്; വീട് വയ്ക്കാൻ പറ്റുന്നില്ല. വച്ച വീട്ടിൽ വൈദ്യുതി ഇല്ല, വെള്ളമില്ല എന്താണ് നമ്മുടെ മത്സ്യത്തൊഴിലാളികളുടെ സ്ഥിതി. വെള്ളം, വെള്ളം, സർവ്വത്ര വെള്ളം. കുടിക്കാനൊട്ടും വെള്ളമില്ല, കടലിൽ വെള്ളമുണ്ട്, പക്ഷേ കുടിക്കാൻ വെള്ളമില്ല. അവർക്ക് ജീവിക്കാനുള്ള സാഹചര്യമൊരുക്കണ്ടേ? അവർക്ക് കയറിക്കിടക്കാൻ ഒരു വീട് ഉണ്ടാകണ്ടേ? വളരെയധികം സാഹസികമായി ഉപജീവനത്തിനുവേണ്ടി ബുദ്ധിമുട്ടുന്ന ആ സമൂഹത്തെ നമ്മൾ ഇങ്ങനെ അവഗണിക്കാൻ പാടുണ്ടോ? ഈ വിഷയം മത്സ്യത്തൊഴിലാളികളുടെ മുഴുവൻ വികാരമായി ഉൾക്കൊണ്ടുകൊണ്ട് തുറന്നമനസ്സോടെ സഭയിൽ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും തയ്യാറാകാത്തിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇന്ന് കേരളത്തിലെ തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികൾ വളരെ ഭയത്തോടുകൂടിയാണ് ജീവിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഓരോ നിയമം കൊണ്ടുവരികയാണ്. കസ്തൂരി രംഗൻ റിപ്പോർട്ട് കൊണ്ടുവന്നു. വലിയ ചർച്ചയായി, വലിയ പ്രശ്നമായി. ഇപ്പോൾ

ഇവർ കൊണ്ടുവന്ന സി.ആർ.ഇസഡ് നിയമം കോൺഗ്രസ്സിന്റെ പാർലമെന്ററി പാർട്ടിയോഗം കൂടിയതിനുശേഷം പാർലമെന്റിൽ അവതരിപ്പിച്ച് ഭൂരിപക്ഷം നേടിയെടുത്ത നിയമമാണ്. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കോൺഗ്രസും അതുപോലെ യു.പി.എ. ഗവൺമെന്റും കൊണ്ടുവന്ന ഈ നിയമം ഇടതുപക്ഷജനാധിപത്യമുന്നണിയുടെ തലയിലേക്ക് അടിച്ചേൽപ്പിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇവിടെ ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്നപ്പോൾ കേരളത്തെ പ്രതിനിധീകരിച്ച് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിക്ക് ഒരു നിവേദനം നൽകി. എന്നാൽ ആ നിവേദനം കേരളത്തിന്റെ നിവേദനമല്ലെന്ന് ഇപ്പോൾ മുഖ്യമന്ത്രി പറയുന്നു. ഇൻഡ്യ കണ്ടിട്ടുള്ള ഏറ്റവും പ്രഗത്ഭനായ നോതാവായ ശ്രീ. എ. കെ. ആന്റണിയെ ശ്രീ. ഉമ്മൻ ചാണ്ടി വിശ്വാസത്തിൽ എടുക്കുന്നില്ല. ഞാൻ ചോദിക്കട്ടെ....

<u>മി. സ്പീക്കർ</u> : ചോദിക്കണ്ട. പ്ലീസ് കൺക്ലൂഡ്......

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, കേരളത്തിൽനിന്നും 8 കേന്ദ്രമന്ത്രിമാരുണ്ട്. ഇൻഡ്യൻ പാർലമെന്റിൽ അവരുടെ ജോലി എന്താണ്?

<u>മി. സ്പീക്കർ</u> : ശ്രീ. കോവൂർ കുഞ്ഞുമോൻ, പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, അവർ ഓരോ നിയമങ്ങൾ കൊണ്ടുവരും. ഇവിടെ ആർക്കും ജീവിക്കാൻ കഴിയാത്ത സ്ഥിതിയാണ്. ശക്തികുളങ്ങരയിൽ ഒരു മത്സ്യത്തൊഴിലാളിയെ ഇറ്റാലിയൻ നാവികർ വെടിവച്ച് കൊന്നപ്പോൾ ഗവൺമെന്റ് യാതൊന്നും ചെയ്യാതെ കയ്യുംകെട്ടി ഇരിക്കുകയായിരുന്നു. അവരെ അറസ്റ്റ് ചെയ്തിരുന്നോ? തീരദേശ മേഖല

യിൽ ബഹളം ഉണ്ടായപ്പോഴാണ് ഗവൺമെന്റ് അറസ്റ്റ് ചെയ്യാൻ തയ്യാറായത്. ഇപ്പോൾ ഇറ്റലി, യു.പി.എ. ഗവൺമെന്റിന് വാർണിംഗ് കൊടുത്തിരിക്കുന്നത്, നിങ്ങളുടെ ജയിലിൽനിന്നും തടവുകാരെ കൊണ്ടുപോകുന്നുവെന്നാണ് യു.പി.എ. ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോ?

<u>മി. സ്പീക്കർ</u> : ശ്രീ. കോവൂർ കുഞ്ഞുമോൻ, പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ.കോവൂർ കുഞ്ഞുമോൻ</u> : സർ, ഇറ്റലിക്കാർ ഇവിടത്തെ ജയിലിൽ നിന്നും അവരുടെ നാവികരെ കൊണ്ടുപോകുമ്പോൾ ഇൻഡ്യയ്ക്ക് നോക്കി നിൽക്കാനേ കഴിയുകയുള്ളു. ആ സ്ഥിതിയാണ് ഇപ്പോഴും ഇവിടെ വന്നിരിക്കുന്നത്. ഈ രണ്ട് നിയമവും കേരളത്തെ ഹനിക്കുന്നതാണ്. ഈ നിയമത്തിന് എതിരായി ശക്തമായി പോരാടേണ്ടത് ഭരണപക്ഷത്തുള്ള എം.എൽ.എ. മാരാണ്. ശ്രീ. റ്റി.എൻ. പ്രതാപൻ, ശ്രീ. എം.എ. വാഹീദ്, അബ്ദുറഹിമാൻ രണ്ടത്താണി തുടങ്ങി ബഹുഭൂരിപക്ഷം എം.എൽ.എ. മാരും തീരദേശത്തുനിന്നും ജയിച്ചുവന്നവരാണ്. പ്രതിപക്ഷത്ത് കുറച്ച് എം.എൽ.എ. മാർ മാത്രമാണ് ആ രീതിയിലുള്ളത്. എന്നിട്ടാണ് ഇടതുപക്ഷത്തെ വെല്ലുവിളിക്കുന്നത്. നിങ്ങൾക്ക് ഈ നിയമത്തിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയുമോയെന്ന് ഞങ്ങൾ വെല്ലുവിളിക്കുന്നു.

<u>മി. സ്പീക്കർ</u> : പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ.കോവൂർ കുഞ്ഞുമോൻ</u> : സർ, അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച, വളരെ പ്രധാനപ്പെട്ട വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ശ്രീ.കോവൂർ കുഞ്ഞുമോൻ സഭവിട്ട് പുറത്തു പോയി.)

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, കേരളത്തിലെ 12 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്ന് മാത്രമാണ് പ്രതിപക്ഷം ഇവിടെ ആവശ്യപ്പെട്ടത്. അങ്ങനെ ആവശ്യപ്പെട്ടപ്പോൾ ദൗർഭാഗ്യകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ മുഖ്യമന്ത്രി കുറച്ചുകാലമായി അങ്ങനെയാണ്. അദ്ദേഹത്തിന് എന്തുപറ്റിയെന്ന് എനിക്കറിയില്ല. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതകം' എന്ന മട്ടിൽ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടെന്ന് പറഞ്ഞതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ചെകിട്ടത്ത് ഒരടി കൊടുക്കാൻ അദ്ദേഹം ശ്രമിച്ചത് രാഷ്ട്രീയ ലാക്കോടെയായിപ്പോയി. എന്നുമാത്രമല്ല, അദ്ദേഹം പറഞ്ഞത്, പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അദ്ദേഹം ഇടപെട്ട് കുറെ മാറ്റങ്ങൾ വരുത്തിയെന്നാണ്. അങ്ങനെ മാറ്റം വരുത്താൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടെങ്കിൽ ഈ നിയമം തന്നെ മാറ്റം വരുത്താൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. നിങ്ങൾ പറഞ്ഞാൽ കേൾക്കില്ല, ഞാൻ പറഞ്ഞാൽ കേൾക്കുമെന്ന് പറയുന്നത് നിയമസഭയെ വിശ്വാസത്തിൽ എടുക്കാനും ഭരണകക്ഷി-പ്രതിപക്ഷ ഭേദമന്യേ കേരളത്തിലെ പ്രശ്നങ്ങൾ ഒറ്റക്കെട്ടായിനിന്ന് നേടിയെടുക്കുന്നതിനും പകരം നിഷേധാത്മകമായ മനോഭാവം സ്വീകരിച്ചതിൽ അങ്ങേയറ്റത്തെ പ്രതിഷേധമുണ്ട്. ഇക്കാര്യം ചർച്ച ചെയ്ത് ഒരുമിച്ച് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കേ

ണ്ടതായിരുന്നു, കേരളത്തിലെ മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ ഒരുമിച്ച് നിൽക്കേണ്ടതായിരുന്നു. ആ സമന്വയത്തെ നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പ്പസമയത്തിനകം സഭയിൽ ഹാജരായി.)

**(ശ്രദ്ധക്ഷണിക്കൽ)**